പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6528 | 08.11.2016 ൽ മറുപടി<br>നല്കേണ്ടത് |

## ജനങ്ങൾക്ക് നല്ല ഭക്ഷണവും നല്ല സാധനങ്ങളും ലഭ്യമാക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ജനങ്ങൾക്ക് ഹോട്ടലുകളിൽ നല്ല ഭക്ഷണവും മാർക്കറ്റിൽ നല്ല സാധനങ്ങളും ലഭ്യമാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഹോട്ടലുകളിൽ പരിശോധന നടത്തി ഭക്ഷ്യസുരക്ഷാഗുണനിലവാരനിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്നപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. അത്തരം നടപടികളുടെ ഭാഗമായി ഗുരുതരമായ നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ താത്കാലികമായ പ്രവർത്തനം നിർത്തിവയ്ക്കൽ, ഫൈൻ, നോട്ടീസ്, അഡ്ജ്യൂട്ടിക്കേഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പിന് ലഭിക്കുന്ന പരാതികളിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ; | ബി) | ഉണ്ട്.<br>രേഖാമൂലം ലഭിക്കുന്ന പരാതികളിന്മേലും ടോൾ ഫ്രീ മുഖാന്തിരം ലഭിക്കുന്ന പരാതികളിന്മേലും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| സി) | ഇപ്രകാരം പരിശോധിക്കാനുള്ള പ്രത്യേക സയന്റിഫിക്ക് ലാബ് ജില്ലകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | എല്ലാ ജില്ലകളിലും നിന്ന് ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കാറുണ്ട്. കൂടാതെ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുന്നതിനും കുടിവെള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനും പത്തനംതിട്ട ജില്ലയിൽ |

| | | | |
|---|---|---|---|
| | | | ഒരു ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും സഞ്ചരിച്ച് പരിശോധന നടത്തുന്നതിനായി രണ്ട് മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ തുടങ്ങുവാൻ തീരുമാനിച്ചതിൽ ഒരെണ്ണത്തിന്റെ പ്രവർത്തനോദ്ഘാടനം ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ